

THURSDAY 13/11/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/11/2025

1. മാറുന്ന കാലാവസ്ഥാ സാഹചര്യത്തിൽ സുസ്ഥിര കൃഷിക്ക് ഭീഷണിയാകുന്ന കളകളെ കൈകാര്യം ചെയ്യുന്നതിനുള്ള നവീന തന്ത്രങ്ങൾ ചർച്ച ചെയ്യാൻ രാജ്യാന്തര സെമിനാർ സംഘടിപ്പിക്കുന്നു. വെള്ളായണി കാർഷിക കോളജ്, അഗ്രോണമി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഈ മാസം 27, 28 തീയതികളിലാണ് സെമിനാർ നടത്തും. കാലാവസ്ഥ മാറ്റം കളകളുടെ വളർച്ചയിലും വ്യാപനത്തിലും വരുത്തുന്ന മാറ്റങ്ങൾ സെമിനാറിൽ പ്രധാന ചർച്ചാ വിഷയമാകും. ഓസ്ട്രേലിയയിലെ ക്വീൻസ് ലാൻഡ് യൂണി വേഴ്സിറ്റിയിലെ ഡോ. ബി.എസ്. ചൗഹാൻ മുഖ്യപ്രഭാഷണം നടത്തും. ഐ.സി.എ.ആർ. – ഐ.എ.ആർ.ഐ., ഐ.സി.എ.ആർ. –സി.ടി.സി.ആർ.ഐ., ടി.എൻ.എ.യു. ഉൾപ്പെടെയുള്ള പ്രമുഖ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ പങ്കെടുക്കും. സെമിനാർ സെഷനുകളിൽ പങ്കെടുക്കുന്നവർക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ www.cwis2025.com. എന്ന വെബ്സൈറ്റിൽനിന്നു ലഭിക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കേരള കാർഷിക സർവ്വകലാശാലയുടെ ഇ–പഠന കേന്ദ്രം നടത്തിവരുന്ന **"ശീതകാല പച്ചക്കറി കൃഷി"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2025 **നവംബർ 15** ന് ആരംഭിക്കുന്നു. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒമ്പത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് http://portal.celkau.in/elearning/index.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സില് രജിസ്റ്റര് ചെയ്യാം. നവംബർ 25 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. ഫോൺ : 0487–2438566

3. കേരള കാർഷിക സർവകലാശാലയിലെ കാർഷിക കോളേജ് തൃശ്ശൂർ വെള്ളാനിക്കരയ്ക്ക് കീഴിലുള്ള തോട്ട സുഗന്ധ വിള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഭാഗത്തിൽ WCT ഇനത്തിൽ പെട്ട ഗുണമേന്മയുള്ള തെങ്ങിൻ തൈകളും, 3-4 മാസം പ്രായമുള്ള ജാതി തൈകളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 8921855655, 9400191539 എന്നീ നമ്പറുകളിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

4. വനാമി ചെമ്മീൻ കൃഷി പദ്ധതിക്കായി കോഴിക്കോട്, കാസർകോഡ്, കണ്ണൂർ, മലപ്പുറം ജില്ലകളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷാ തീയതി ദീർഘിപ്പിച്ചു. അപേക്ഷാ ഫോമിന്റെ മാതൃക, ധനസഹായം സംബന്ധിച്ച വിവരങ്ങൾ എന്നിവ ഏജൻസി ഫോര് ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (അഡാക്) ഓഫീസുകളിൽ ലഭ്യമാണ്. അപേക്ഷകൾ രേഖകള് സഹിതം റീജ്യണൽ ഓഫീസ്, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള, നോർത്ത് സോൺ, എരഞ്ഞോളി പോസ്റ്റ്, തലശ്ശേരി, കണ്ണൂർ-670 107 എന്ന വിലാസത്തില് നവംബർ 15ന് വൈകീട്ട് നാലിനകം ലഭിക്കണം. ഫോൺ: 0490-2354073.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"മണ്ണ് പരിപാലനവും പ്രകൃതി സൗഹൃദ കൃഷിയും"** എന്ന വിഷയത്തിൽ 2025 നവംബർ 14ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ (UPI id - kvkthrissur.527@sbi). താൽപര്യമുള്ളവർ 9400483754 എന്ന ഫോണ് നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. മിത്രനികേതൻ KVK യിൽ വെച്ച് 2025 നവംബർ മാസം 19, 20 തീയതികളിൽ ചെടികളിലെ ബഡ്ഡിങ്, ഗ്രാഫ്റ്റിംഗ്, ലേയറിങ്, പ്രോട്രേയിലെ പച്ചക്കറി തൈകളുടെ ഉത്പാദനം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലനത്തിന് പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9447856216 എന്ന നമ്പറിൽ തങ്ങളുടെ പേരും ഫോൺ നമ്പറും whatsapp ചെയ്തു അറിയിക്കേണ്ടതാണ്. പരിശീലനത്തിന് 700 രൂപ രജിസ്ട്രേഷൻ ഫീസ് ആണ് ഉള്ളത്. നവംബർ മാസം 15 ന് മുൻപായി രജിസ്ട്രേഷൻ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തന്നിരിക്കുന്ന ഫോൺ നമ്പരിൽ ഗൂഗിൾ പേ ചെയ്തതിനുശേഷം സ്ക്രീൻഷോട്ട് വാട്സ്ആപ്പ് ചെയ്ത് നൽകേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് ആയിരിക്കും പരിശീലനത്തിൽ പ്രവേശനം നൽകുന്നത്.

7. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലനകേന്ദ്രത്തിൽ വച്ച് 2025 നവംബർ മാസം 18/11/2025 മുതൽ 20/11/2025 വരെ ക്ഷീരസഹകരണസംഘം ലാബ് അസിസ്റ്റന്റ് /പ്രൊക്യൂർമെൻറ് അസിസ്റ്റന്റ്മാർക്കുള്ള പരിശീലനപരിപാടി. ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ പരിശീലനപരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 നവംബർ 17-ാം തീയതി വരെ വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471-2440911. മേൽവിലാസം:- ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം.പി.ഒ, തിരുവനന്തപുരം-695004. ഈമെയിൽ ID: principaldtctvm@gmail.com